പി.എൽ(4)/28100/11/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി; 14.12.2011

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം:- പൊ.വി സൗജന്യ ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനം-റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ബാംഗ്ലൂർ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന:- റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 12.12.2011 ലെ കത്ത്.

ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാനം 2011-12 വർഷം പ്രൈമറി അദ്ധ്യാപകർക്കായി നടത്തുന്ന 30 ദിവസത്തെ സൗജന്യ ഇംഗ്ലീഷ് പരിശീലനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2012 ജനുവരി 9 മുതൽ ഫെബ്രുവരി 7 വരെയാണ് പരിശീന കാലാവധി. പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് കെ.എസ്.ആർ പ്രകാരമുള്ള യാത്രാപ്പടിയ്ക്ക് അർഹത ഉണ്ടായിരിക്കും.

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും തങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ ജില്ലക്ക് അനുപാതികമായി ഏററവും കുറഞ്ഞത് മൂന്ന് അദ്ധ്യാപകരെ വീതം പരിശീലനത്തിനായി തിരഞ്ഞെടുക്കേണ്ടതും, അവരവരുടെ പേരുവിവരം 20.12.2011 നു മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് dpiplanning@gmail.com എന്ന മെയിൽ അഡ്രസ്സിൽ E-mail ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പുറത്തെഴുതത് നം: സി1/9843/11

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
മലപ്പുറം തിയതി: 17-12-2011.

പകർപ്പ് എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അറിവിലേക്കും അനന്തര നടപടികൾക്കും വേണ്ടി അയക്കുന്നു. 3 അദ്ധ്യാപകരെ വീതം പരിശീലനത്തിന് തെരഞ്ഞെടുതത് അവരവരുടെ പേരു വിവരം 19-12-2011-ന് മുമ്പായി ഈ ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)
വിദ്യാഭ്യാസ ഉപഡയറക്ടർ
മലപ്പുറം

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ്:- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

കെ.17.12